# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

8/02/2016-ന് മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം

നമ്പർ.9

## റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പരിഷ്കരിക്കാൻ നടപടി

**ചോദ്യം**

ശ്രീ.ഹൈബി ഈഡൻ
ശ്രീ.കെ.എസ്.ശബരീനാഥൻ
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.വി.റ്റി.ബൽറാം

**ഉത്തരം**

ശ്രീ.ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | P.S.C.യുടെ റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ; | (എ) യും (ബി) യും | ഒരു തസ്തികയുടെ റാങ്ക് പട്ടികാ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനായി തെരെഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ വേഗത വർദ്ധിപ്പിക്കുവാൻ പി.എസ്.സി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി One time Registration, One time Verification എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. പരീക്ഷാ നടത്തിപ്പിന്റെ വേഗത, കാര്യക്ഷമത, കൃത്യത എന്നിവ വർദ്ധിപ്പിക്കുന്നതിനായി Online പരീക്ഷ ആരംഭിച്ചു. ഡോക്ടർമാർ, LDC, LGS, |
| (ബി) | P.S.C.യുടെ റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിനുള്ള മാർഗ്ഗ രേഖകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | | അസിസ്റ്റന്റ്(സെക്രട്ടേറിയറ്റ്/പി.എസ്.സി), പോലീസ് വകുപ്പിലെ വിവിധ തസ്തികകൾ എന്നിവയുടെ റാങ്ക് പട്ടികകൾ സമയബന്ധിതമായി പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. Uniformed Force ലെ വിവിധ തസ്തികകൾക്ക് വാർഷിക നിയമനം സാധ്യമായിട്ടുണ്ട്. എല്ലാ തസ്തികകളിലും സമയബന്ധിതമായി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച്, റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്ത കാരണത്താൽ ജീവനക്കാരുടെ അഭാവം ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുക എന്നതും, അതുവഴി പൊതുജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ കാലവിളംബം കൂടാതെ ലഭ്യമാക്കുക എന്നതുമാണ് ലക്ഷ്യം. |

| | | | |
|---|---|---|---|
| (സി) | ഉദ്യോഗാർത്ഥികളെ താത്ക്കാലിക അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്ന രീതി അവസാനിപ്പിച്ച് അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് പ്രസ്തുത മാർഗ്ഗ രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) | കോടതി ഉത്തരവിൽ നിർദ്ദേശിക്കുന്ന പ്രത്യേക സാഹചര്യത്തിലല്ലാതെ റാങ്ക് പട്ടികകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തുന്ന രീതി ഇപ്പോൾ നിലവിലില്ല. Absolute basis -ൽ മാത്രമാണ് റാങ്ക് പട്ടികയിൽ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം തയ്യാറെടുപ്പുകൾ P.S.C സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | ഓൺലൈൻ പരീക്ഷ നടത്തുന്നതിനായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ജില്ലകളിലായി Online പരീക്ഷാ കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നു. കോഴിക്കോട് ജില്ലയിൽ Online പരീക്ഷാ കേന്ദ്രനിർമ്മാണം പുരോഗമിക്കുന്നു. |

**സെക്ഷൻ ഓഫീസർ**